<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232</u> <u>27-06-2022 - ൽ മറുപടിയ്ക്ക്</u>

<u>ആരോഗ്യവകുപ്പിലെ ആശ്രിത നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിൽ ആശ്രിത നിയമനത്തിന് വളരെയധികം കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വ്യവസ്ഥ അനുസരിച്ച് വകുപ്പിലെ ആശ്രിതനിയമനം 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകി വരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 254 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകി വരുന്നു.<br><br>07.06.2021 തീയതിയിലെ സ.ഉ (കൈ) 12/21 ഉ.ഭ.പവ. നം. സർക്കാർ ഉത്തരവ് പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും നാല് വർഷം കഴിഞ്ഞ ശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക് അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം അപേക്ഷ നൽകുന്നവർക്ക് പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ആരോഗ്യ വകുപ്പിലും വിവിധ വകുപ്പുകളിൽ നിന്നും പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ മാറ്റിവച്ചിരിക്കുന്നതുമായ വിവിധ തസ്തികകളിലേയ്ക്കും നിയമനം നൽകിവരുന്നു. |
| (ബി) | G.O(MS)No.195/16/H&FWD തീയതി 18.10.2016 സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനർഹനായ ശ്രീ. ബാലുമഹേന്ദ്ര ജി.യുടെ നിലവിലെ സീനിയോറിറ്റി വ്യക്തമാക്കാമോ; ടിയാൾക്ക് എന്നത്തേക്ക് നിയമനം ലഭിക്കുവാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഇനി നിയമനം ലഭിക്കുവാനുള്ളവരുടെ മുൻഗണനാപട്ടിക പ്രകാരം ശ്രീ.ബാലുമഹേന്ദ്ര.ജി.യുടെ സീനിയോറിറ്റി നം. 28 ആണ്. നിലവിലെ വ്യവസ്ഥ അനുസരിച്ച് വകുപ്പിലെ ആശ്രിതനിയമനം 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം ആശ്രിത നിയമനത്തിനായി |

| | | | |
|---|---|---|---|
| | | | മാറ്റിവച്ചിരിക്കുന്ന ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ